(11) മാള നിയോജകമണ്ഡലത്തിലെ ത്രേസ്യാമ്മ മെമ്മോറിയൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, മാള നിയോജകമണ്ഡലത്തിൽ വികലാംഗനായ ഒരു വ്യക്തി 5 കോടി രൂപ മുതൽമുടക്കി ഒരു സ്ഥാപനമുണ്ടാക്കി. സാമ്പത്തിക തകർച്ചകൊണ്ട് അദ്ദേഹത്തിന് പ്രസ്തുത സ്ഥാപനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. കേരളത്തിലെ സാമൂഹ്യക്ഷേമ വകുപ്പിന് ഫ്രീയായി അത് വിട്ടുകൊടുത്തു. സാമൂഹ്യക്ഷേമ വകുപ്പ് കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് അത് നടപ്പാക്കുന്നതിന് വേണ്ടി നാലു കോടിയോളം രൂപ ചോദിക്കുകയും അത് അനുവദിക്കപ്പെട്ടതായി ഞാൻ മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ ആ പദ്ധതി ഉപേക്ഷിക്കുന്ന അവസ്ഥ വന്നിരിക്കുന്നുവെന്നറിയുന്നു. അതിന്റെ കാരണം എന്തൊക്കെയാണെന്ന് ഗവണ്മെന്റ് വ്യക്തമാക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് വളരെ പഴയ ഒരു കേസാണ്. ഇപ്പോൾ അങ്ങനെയല്ല. കഴിഞ്ഞ കുറച്ചുദിവസം മുമ്പ് അത് ഏറ്റെടുത്ത് നടത്താൻ വേണ്ടി ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(12) കൂത്താട്ടുകുളത്ത് ഫയർ സ്റ്റേഷൻ നിർമ്മാണം

ശ്രീ. ജോണി നെല്ലൂർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ആവശ്യം വളരെ കാലമായിട്ടുണ്ട്. അത് അനുവദിക്കാത്തതിൽ ഇന്ന് അവിടെ ഹർത്താലും പ്രതിഷേധ പ്രകടനവുമൊക്കെയാണ്. മുഖ്യമന്ത്രി എന്നെ രക്ഷിക്കണം. പഞ്ചായത്ത് സ്ഥലമെല്ലാം ഒരുക്കിയിട്ടുണ്ട്. ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണം. ഇല്ലെങ്കിൽ ഞാനവിടെ ചെല്ലുമ്പോൾ എന്നെ മണ്ഡലത്തിൽ പ്രവേശിപ്പിക്കുകയില്ല എന്നാണ് പറയുന്നത്. എന്നെ രക്ഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, താങ്കളുടെ മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിച്ച് കഴിഞ്ഞിരിക്കുന്നു. ഇനി പുതുതായി ഉള്ളത് നോംസ് അനുസരിച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനുശേഷം സ്ഥലം ലഭ്യമാക്കിയാൽ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

(13) കോടതിവിധിയുടെ ഫലമായി മൽസ്യത്തൊഴിലാളി, കയർത്തൊഴിലാളി ക്ഷേമനിധി മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ വിഷയം ശ്രദ്ധക്ഷണിക്കലായിട്ട് ആവശ്യപ്പെട്ടതാണ്. നിലവിൽ സുപ്രീം കോടതി വിധി അനുസരിച്ച് മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ കയറ്റുമതിക്കാർ വിഹിതം അടയ്ക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കിയിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നു. ഇത് മൽസ്യത്തൊഴിലാളി ക്ഷേമനിധിക്ക് അപകടം ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല, കയർ കയറ്റുമതിക്കാരും ഈ സുപ്രീംകോടതി വിധി ഉപയോഗിച്ച് കേരളാ ഹൈക്കോടതിയിൽനിന്നും ക്ഷേമനിധിയിൽ തങ്ങൾ വിഹിതം അടയ്ക്കേണ്ടതില്ലെന്ന് വിധി സമ്പാദിച്ചിരിക്കുന്നു. കേരളത്തിലെ ഒട്ടുമിക്ക ക്ഷേമനിധിക്കും ഇത് അപകടകരമായി വരുന്നതുകൊണ്ട് സുപ്രീം കോടതി വിധി മറികടക്കുവാൻ ഫിഷറീസ് രംഗത്തെ കയറ്റുമതിക്കാർ ശ്രമിക്കുന്നു. കേരളത്തിലെ മൽസ്യത്തൊഴിലാളി ക്ഷേമനിധിയേയും മറ്റെല്ലാ ക്ഷേമനിധികളേയും സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ മേൽ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിവിധി മറികടക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പുമന്ത്രി ചെയർമാനായി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചു. ഞങ്ങൾ ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. ആ ബിൽ ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. വളരെ വേഗത്തിൽ അത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കും.

(14) പരവൂർ-മയ്യനാട്-ഇരവിപുരം തീരദേശ റോഡ് നിർമ്മാണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ മണ്ഡലത്തിൽ പരവൂരിനെയും ഇരവിപുരം മണ്ഡലത്തിലെ മയ്യനാട്-ഇരവിപുരം പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നതാണ്. പരവൂർ-മയ്യനാട്-ഇരവിപുരം തീരദേശ റോഡ്. 1983-ലാണ് അവസാനമായി പണി നടത്തിയത്. 1998-ൽ പി.ഡബ്ല്യു.ഡി. പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവെങ്കിലും അത് പൂർത്തിയായില്ല. എൽ.ഡി.എഫ്. സർക്കാർ ഫിഷറീസ് വകുപ്പിന് കൈമാറിയതിനുശേഷം പണി നടന്നില്ല. ഏറ്റവും പ്രധാനപ്പെട്ട തീരദേശ മേഖലയുമായി ബന്ധിപ്പിക്കുന്ന മേഖലയാണ്. കോവളം-തിരുമുല്ലവാരം ടൂറിസം വികസനം ടി. കെ. ദിവാകരൻ വകുപ്പുമന്ത്രിയായിരുന്ന കാലം മുതലുള്ള സങ്കല്പമാണ്. എത്രയുംവേഗം തീരദേശ റോഡിന്റെ പണി ഫിഷറീസ് വകുപ്പ് പൂർത്തിയാക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, 75 ലക്ഷം രൂപ ചെലവ് വരുന്ന ഈ റോഡിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly